**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3634** **09-10-2025 - ൽ മറുപടിയ്ക്ക്**

**കാർഷികരംഗത്തേക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. അൻവർ സാദത്ത്, ശ്രീ. എം. വിൻസെന്റ്, ശ്രീമതി ഉമ തോമസ്** | | **ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാർഷികരംഗത്തേക്ക് കൂടുതൽ യുവാക്കൾ വരുന്നതിനു വിമുഖത കാട്ടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ഇല്ല. |
| (ബി) | കാർഷികരംഗത്തേക്ക് വരുന്ന യുവാക്കളെ പരിശീലിപ്പിക്കാനും അവരുടെ കഴിവിനനുസൃതമായി പ്രോത്സാഹിപ്പിക്കാനും സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ബി) | സ്ത്രീകൾ, യുവാക്കൾ, പ്രവാസികൾ തുടങ്ങിയവർക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടുള്ള കാർഷിക നയമാണ് സർക്കാർ കൈക്കൊണ്ടു വരുന്നത്. നവീന കാർഷിക രീതികളും, ഡിജിറ്റൽ സാങ്കേതിക വിദ്യകളും ഫലപ്രദമായി സംയോജിപ്പിച്ച് കൃഷികമേഖലയിൽ നിന്നും പരമാവധി വരുമാനം കണ്ടെത്തുവാൻ ആവശ്യമായ പിന്തുണ യുവാക്കൾക്ക് സർക്കാർ നൽകിവരുന്നു. കേരള കാർഷിക സർവകലാശാല, SFAC തുടങ്ങിയ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ ശക്തമായ ഇടപെടലുകൾ നടത്തിവരുന്നു.<br><br>കാർഷിക മൂല്യവർധിത മേഖല ആധാരമാക്കി വരുമാനം വർദ്ധിപ്പിക്കുവാൻ കർഷകരെ പ്രാപ്തരാക്കുവാൻ നടത്തുന്ന വൈഗയുടെ ഭാഗമായി നടത്തിയ DPR ക്ലിനിക്, ബി.റ്റു.ബി മീറ്റ്, അഗ്രി ഹാക്കത്തോൺ എന്നിവയിലൂടെ യുവാക്കളെ കാർഷിക സംരംഭങ്ങളിലേക്കു ആകർഷിക്കുവാനുള്ള സാഹചര്യം സൃഷ്ടിച്ചു.<br><br>'കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ' എന്ന പദ്ധതിയിലൂടെ യുവ സംരംഭകർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി അവരുടെ ആശയങ്ങൾ പ്രോജക്ടുകളായി മാറ്റുന്നതിനും വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഡി.പി.ആർ. ക്ലിനിക്കുകൾ നടപ്പിലാക്കുന്നുണ്ട്.<br><br>സംരംഭകർക്ക് അവരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിനും മറ്റു സംരംഭകരിൽ നിന്നും |

ഉല്പന്നങ്ങൾ വാങ്ങുന്നതിനും വേദി ഒരുക്കുന്നതിനായി 'ബിസിനസ്-ടു- ബിസിനസ്' മീറ്റുകളും കൃഷി വകുപ്പ് നടത്തിവരുന്നു.

യുവാക്കളെ കൃഷിയിൽ കൂടുതൽ ആകർഷിക്കുന്നതിനും, യന്ത്രവൽക്കരണ- ത്തിലൂടെ അധ്വാനഭാരം ലഘൂകരിച്ച് കൃഷിയിൽ കൂടുതൽ വിളവ് ലഭിക്കുന്നതിനും ആവശ്യമായ വിവിധ തരം പരിശീലനങ്ങൾ നൽകുന്നുണ്ട്. കൂടാതെ നവീന കൃഷിരീതികളായ കൃത്യതാ കൃഷി, സൂക്ഷ്മ ജലസേചന രീതി, അക്വാപോണിക്സ്, ഹൈഡ്രോപോണിക്സ് തുടങ്ങിയ മേഖലകളിലും പരിശീലനം നൽകിവരുന്നുണ്ട്.
യുവതലമുറയെ കൃഷിയിലേക്ക് ആകർഷിക്കാനും കൃഷി സംസ്കാരത്തിന്റെ ഭാഗമാക്കാനുമെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് "ഞങ്ങളും കൃഷിയിലേക്ക്" എന്ന ജനകീയ പദ്ധതിയിലൂടെ യുവാക്കളെയും സ്ത്രീകളെയും കൗമാരപ്രായക്കാരെയും കാർഷിക രംഗത്തേക്ക് ആകർഷിക്കുന്നതിന് സാധ്യമായിട്ടുണ്ട്.

ഡിപ്ലോമ, ഡിഗ്രി വിദ്യാർത്ഥികൾക്കു കൃഷി വകുപ്പിലെ പ്രവർത്തനങ്ങൾ നേരിട്ട് പരിചയപ്പെടാനുള്ള അവസരം നൽകുന്നതിനായി ഇന്റേൺഷിപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൃഷിഭവനുകളുടെ ഫീൽഡ് തല പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികൾക്ക് കർഷകരുമായി ഇടപെടൽ, പ്രായോഗിക പഠനം, പരിശീലനം തുടങ്ങിയ അവസരങ്ങൾ ഒരുക്കുന്നു.

സംസ്ഥാനത്തെ കാർഷിക പരിശീലന കേന്ദ്രങ്ങളിലൂടെ കർഷകർക്ക് പ്രാദേശിക ആവശ്യങ്ങൾ കണക്കിലെടുത്ത് വിവിധ കാർഷിക വിഷയങ്ങളിൽ പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്.

മേൽ പറഞ്ഞവ കൂടാതെ സംസ്ഥാനത്തിന്റെ അകത്തും പുറത്തുമുള്ള പ്രശസ്തമായ പരിശീലന കേന്ദ്രങ്ങളിൽ കർഷകർക്ക് അവരുടെ അഭിരുചിയ്ക്കനുസരിച്ച് പരിശീലനങ്ങൾനൽകുവാൻ ATMA, MIDH പോലുള്ളകേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും അവസരം ഒരുക്കുന്നു.

കാർഷിക രംഗത്തേക്ക് കടന്നു വരുന്ന യുവാക്കൾക്ക് സർവകലാശാല വിജ്ഞാന വ്യാപന വിഭാഗം വഴി വിവിധ കാർഷിക പരിശീലന പരിപാടികൾ നടത്തി വരുന്നു. സർവകലാശാല സംരംഭകത്വ പരിശീലനത്തിൽ KAU-RAFTAAR-RABI വഴിയും വിവിധ മൂല്യവർദ്ധിത ഉത്പന്നങ്ങൾ കാർഷിക സാങ്കേതിക വിദ്യകൾ എന്നിവയിലും സർവകലാശാല പരിശീലനം നടത്തി വരുന്നുണ്ട്.

| | | | |
|---|---|---|---|
| | | | കൃഷി ചെയ്യുവാൻ താല്പര്യമുള്ളതും, സ്വന്തമായി കൃഷിഭൂമിയില്ലാത്തതുമായ യുവാക്കൾ ഉൾപ്പടെയുള്ള കർഷകർക്ക് കൃഷി ചെയ്യുവാൻ കൃഷിഭൂമി ലഭ്യമാക്കുന്നതിനായി 'നവോഥാൻ' പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ